LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പിലെ പുതിയ തസ്തികകൾ

33 (698) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യവകുപ്പിൽ എത്ര പുതിയ തസ്തികകളാണ് സൃഷ്ടിച്ചത് ; അവ ഏതൊക്കെയെന്ന വ്യക്തമാക്കാമോ?

ഉത്തരം

2245 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.*

പ്രമേഹം

34 (699) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രമേഹ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇത് നിയന്ത്രിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ;

(സി) ജീവിത സാഹചര്യങ്ങളിലെ വ്യതിയാനംമൂലമുണ്ടാകുന്ന ഇത്തരം രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി സ്കൂൾ-കോളേജ് കരിക്കുലത്തിൽ 'യോഗ' പരിശീലനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് പ്രമേഹരോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

(ബി) ജീവതശൈലീ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും സംസ്ഥാന ആരോഗ്യവകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് സംസ്ഥാന ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി (അമൃതം ആരോഗ്യം). ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ സാമൂഹിക ആരോഗ്യകേന്ദ്രങ്ങളിലും, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും, കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും നടപ്പിലാക്കി വരുന്നു. ആറായിരത്തോളം വരുന്ന ഈ കേന്ദ്രങ്ങളിൽ ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്താതിസമ്മർദ്ദം എന്നിവ നിർണ്ണയിക്കുന്നതിനുള്ള പ്രതിവാര ക്ലിനിക്കുകൾ സജ്ജമാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉപകരണങ്ങൾ ലഭ്യമാക്കുകയും ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രതലംവരെ ജീവിതശൈലീ രോഗങ്ങൾക്കായുള്ള മരുന്നുകളും സൗജന്യമായി നൽകിവരുന്നുണ്ട്. ജീവിതശൈലീ രോഗ നിയന്ത്രണത്തിനാവശ്യമായ ആരോഗ്യബോധവൽക്കരണം ജീവനക്കാരിലൂടെ നൽകിവരുന്നുണ്ട്.

സ്കൂൾ തലങ്ങളിൽ വിദ്യാർത്ഥികളെ ജീവിതശൈലീ രോഗങ്ങൾ വരാതെ പ്രതിരോധിക്കുന്നതിന് ആരോഗ്യ ബോധവൽക്കരണവും, യോഗ ഉൾപ്പെടെയുള്ള വ്യായാമങ്ങൾ പരിശീലിപ്പിക്കുന്നതിനും, LEAP (ലൈഫ് സ്റ്റൈൽ എഡ്യൂക്കേഷൻ ആന്റ് അവയർനസ്സ് പ്രോഗ്രാം) നടപ്പിലാക്കി വരുന്നു.

വിദൂര പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്കായി Care on wheels, care on waves എന്നീ സഞ്ചരിക്കുന്ന ജീവിതശൈലീ രോഗനിയന്ത്രണ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. Work place Intervention-ലൂടെ ഓഫീസുകൾ, ഫാക്ടറികൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർക്കും, പോലീസുകാർക്കുമായി SHAPE പ്രോഗ്രാമിലൂടെയും ജീവിതശൈലീ രോഗനിയന്ത്രണം നടത്തി വരുന്നു.

(സി) സ്കൂൾ തലത്തിൽ വിദ്യാർത്ഥികളെ ജീവിതശൈലീ രോഗങ്ങൾ വരാതെ പ്രതിരോധിക്കുന്നതിനായി ആരോഗ്യ ബോധവൽക്കരണവും യോഗ ഉൾപ്പെടെയുള്ള വ്യായാമങ്ങൾ പരിശീലിപ്പിക്കുന്നതിനും LEAP പദ്ധതി (Life Style Education Awareness Programme) നടപ്പിലാക്കിവരുന്നു. സ്കൂൾ ആരോഗ്യ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ സ്കൂൾ ഹെൽത്ത് നഴ്സുമാർ വഴി യോഗ പരിശീലനവും നടത്തി വരുന്നുണ്ട്. സംസ്ഥാന ആരോഗ്യവകുപ്പിന്റെ ആരോഗ്യപദ്ധതിയിൽ യോഗ പരിശീലനത്തിന് പ്രത്യേക ഫണ്ട് അനുവദിക്കാറുണ്ട്. കോളേജ് കരിക്കുലത്തിൽ 'യോഗ' പരിശീലനം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പിണറായി പി.എച്ച്.സി.യിലെ ഡോക്ടർ തസ്തിക

35 (700) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിണറായി പി.എച്ച്.സി.-യിലെ ഒരു ഡോക്ടർ തസ്തിക പേരാവൂർ ആശുപത്രിയിലേക്ക് മാറ്റിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തസ്തിക മാറ്റുവാൻ ഉണ്ടായ കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly